പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2938 — 17.10.2016 -ൽ മറുപടിക്ക്

## സൗജന്യ റേഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നിലവിൽ സൗജന്യ റേഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 07.04.2016 മുതൽ സംസ്ഥാനത്ത് സൗജന്യ റേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) ബി.പി.എൽ, എ.എ.വൈ കാർഡുടമകളാണ് നിലവിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ വിഭാഗങ്ങൾക്കുള്ള പ്രതിമാസ അരി വിഹിതം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) പദ്ധതി വിപുലീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>(ഡി) ഈ പദ്ധതിയിൽ ആരെയൊക്കെയാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) & (ഡി) ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട കാർഡുടമകളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) ഇതിനായി എത്ര കോടി രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (ഇ) ഇതിനായി 300 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ